# 3

# "നല്ല തുടക്കം പകുതി ചെയ്തതാണ്"

തത്വചിന്തകനായിരുന്ന അരിസ്റ്റോട്ടിൽ (ബി.സി. 384–322) എഴുതിയതാണ് "നല്ല തുടക്കം പകുതി ചെയ്തതാണ്"[1] എന്ന നീതിവാക്യം. ജീവിതത്തിലെ പല പ്രവൃത്തികളെ സംബന്ധിച്ച് അതു വാസ്തവമാണ്; വെളിപ്പാട് പഠനത്തെ സംബന്ധിച്ച് അത് ഇരട്ടി ശരിയാണ്. ഒരു റോക്കറ്റ് വിക്ഷേപിക്കുമ്പോൾ, പുറപ്പെടുമ്പോൾ സംഭവിക്കുന്ന നേരിയ വ്യതിയാനം അവസാനം ചെന്നെത്തുന്നത് നൂറുകണക്കിനു മൈലുകളുടെ വ്യത്യാസത്തിലായിരിക്കും എന്ന് എന്നോട് പറയുകയുണ്ടായി. വെളിപ്പാട് പുസ്തക പഠനം നിങ്ങൾ ശരിയായി തുടങ്ങിയാൽ ശരിയായ സ്ഥാനത്ത് എത്തും. പക്ഷെ തെറ്റായ സ്ഥാനത്തു നിന്നു തുടങ്ങിയാൽ, ചെന്നെത്തുന്നത് വിചിത്രമായ സങ്കൽപത്തിലായിരിക്കും.

നാം വെളിപ്പാട് പുസ്തകം പഠിക്കുന്ന സമീപനത്തെ കുറിച്ചാണ് ഈ പാഠം. ഈ പാഠത്തിനുള്ളതിനേക്കാൾ വലിയ പ്രാധാന്യം മറ്റൊരു പശ്ചാത്തല പഠനത്തിനുമുണ്ടാകയില്ല. ഒരു വ്യക്തി എടുക്കുന്ന സമീപനം പുസ്തകത്തിലെ ഓരോ വിശദാംശങ്ങളും വ്യാഖ്യാനിക്കുന്നതിനെ ബാധിക്കും. നാം നന്നായി തുടങ്ങുന്നത് പ്രത്യേകതയുള്ള കാര്യമാണ്.

ബൈബിൾ വാമൊഴിയായി ദൈവശ്വാസിയമാണെന്ന് വിശ്വസിക്കുന്നവർ വെളിപ്പാടിനോട് നാല് സമീപനം എടുക്കും.[2] അസംഖ്യം വൈവിധ്യങ്ങളും യോജിപ്പുകളും ഉണ്ട്, എന്നാൽ അടിസ്ഥാനപരമായി നാല് സമീപനങ്ങളാണ് ഉള്ളത്. വ്യാഖ്യാതാക്കൾ അവരുടെ വിവിധ കണ്ടുപിടുത്തങ്ങൾക്ക് ഓരോ പേരിട്ട് പ്രശ്നത്തെ തെറ്റിദ്ധരിപ്പിക്കുകയാണ്, എന്നാൽ – എല്ലാം അല്ലെങ്കിൽ – മിക്ക സമീപനങ്ങളെയും നാല് തലവാചകത്തിനുള്ളിൽ കൊണ്ടുവരാം. ആ സമീപനങ്ങളുടെ ശക്തിയും ബലഹീനതയും ചൂണ്ടിക്കാണിച്ച്, സമീപനങ്ങളെ ഓരോന്നായി ഞാൻ അവലോകനം ചെയ്യും. പിന്നെ, നാം അവസാനിപ്പിക്കുന്നതിന് മുൻപ്, ഞാൻ ഈ പരമ്പരയിൽ ഉപയോഗിക്കുന്ന സമീപനത്തെ വിശദമാക്കും.

നാം ഓരോ സമീപനവും പരിശോധിക്കുമ്പോൾ, വെളിപ്പാട് പുസ്തകം വ്യാഖ്യാനിക്കുന്നതിന് ആവശ്യമായ രണ്ടു മുഖ്യകാര്യങ്ങൾ നാം മനസിൽ സൂക്ഷിക്കണം:

(1) *പുസ്തകം എഴുതിയപ്പോൾ അതിന് അർത്ഥം ഉണ്ടായിരിക്കണം.* "ഉടനെ സംഭവിക്കുവാനുള്ളത്" ആയിരുന്നു യേശു വെളിപ്പെടുത്തിയത് (1:1). യോഹന്നാൻ പറഞ്ഞു, "... [പുസ്തകം സംസാരിക്കുന്ന] സമയം അടുത്തിരിക്കുന്നു" (1:3). കഷ്ടത ഏല്ക്കുന്ന ക്രിസ്ത്യാനികൾക്ക് ആശ്വാസമേകുവാനും, അവർ വിശ്വസ്തത തുടരുവാൻ ഉത്തേജിപ്പിക്കുന്നതിനുമാണ് പുസ്തകം എഴുതിയത്. അതുകൊണ്ട്, നമ്മുടെ പഠനത്തിൽ നാം പലപ്പോഴും ചോദിക്കും "വെളിപ്പാട് പുസ്തകം ഈ സമീപനത്തിൽ വ്യാ

ഖ്യാനിച്ചാൽ, ഒന്നാം നൂറ്റാണ്ടിലെ ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികൾക്ക് എന്തർത്ഥമാണുണ്ടാകുക?"

(2) *പുസ്തകത്തിന് ഇപ്പോഴും അർത്ഥമുണ്ടാകണം.* കൂടാതെ പുസ്തകത്തിന് എല്ലാ കാലത്തേക്കുമുള്ള സർവ്വദേശിയമായ ഒരു സന്ദേശവും ഉണ്ടായിരിക്കണം. "പ്രവചനപുസ്തകത്തിലെഴുതിയിരിക്കുന്ന വാക്കുകൾ, വായിക്കുന്നവരും വായിച്ച് കേൾക്കുന്നവരും" ഭാഗ്യവാന്മാർ എന്നു പ്രഖ്യാപിച്ചിട്ടുണ്ട് (1:3). "ആത്മാവ് സഭകളോട് പറയുന്നത്" എന്തെന്ന് "ചെവിയുള്ള ഓരോരുത്തനും കേൾക്കട്ടെ" എന്നാണ് (2:7). പുസ്തകത്തിന്റെ അവസാനം, "ഈ പ്രവചനപുസ്തകത്തിലെ വചനങ്ങൾ കേൾക്കുന്ന ഏവനോടും" ഒരു പ്രത്യേക പ്രബോധനം നൽകുന്നുണ്ട് (22:18). അതുകൊണ്ട്, നമ്മുടെ പഠനത്തിന്റെ ഓരോ ഭാഗത്തും നാം "ഈ സമീപനത്തിൽ വെളിപ്പാട് പുസ്തകം വ്യാഖ്യാനിച്ചാൽ, അത് ഇന്നു ജീവിക്കുന്ന നമുക്ക് എന്ത് അർത്ഥമാണ് നൽകുന്നത്?" എന്നും ചോദിക്കണം.

## ഭാവിയിൽ അധിഷ്ഠിതമായ സമീപനം

### ഈ സമീപനത്തിന്റെ നിർവ്വചനം

പുസ്തകം എഴുതിയ സമയത്ത് അത് വിദൂരഭാവിയിൽ നടക്കേണ്ടതിനായിരുന്നു എന്നാണ് ഈ സമീപനക്കാരുടെ വാദം.[3] പ്രത്യേകിച്ച്, ഈ സമീപനം പറയുന്നത്, പുസ്തകത്തിലെ മിക്ക സംഭവങ്ങളും യേശുവിന്റെ വീണ്ടും വരവിന്റെ മുന്നോടിയായി സംഭവിക്കുവാനുള്ളതാണ് എന്നത്രെ.[4] ഈ സമീപനത്തെ ചിലപ്പോൾ "എസ്ക്കാറ്റോളജിക്കൽ" കാഴ്ച്ചപ്പാട് എന്നും വിളിച്ചിട്ടുണ്ട്.[5]

ഭാവിയിൽ അധിഷ്ഠിതമായ സമീപനത്തിന് വൈവിധ്യങ്ങളുണ്ട്, എന്നാൽ ഒരു രംഗത്തെ അനേക വർഷങ്ങളിലേക്ക് കണക്കാക്കുന്നതാണ് *പ്രീമില്ലെനിയിസം.* "പ്രീ" അർത്ഥം "മുൻപ്," എന്നും "മില്ലെനിയം" സൂചിപ്പിക്കുന്നത് ആയിരം വർഷത്തെയാണ്. ആ വാക്ക് സൂചിപ്പിക്കുന്നത് യേശു തന്റെ ആയിര - മാണ്ട് (മില്ലെനിയം) വാഴ്ച്ചക്കു *മുൻപ്* (പ്രീ) വീണ്ടും വരും എന്ന് വിശ്വസിക്കുന്നു. പ്രത്യേകിച്ച്, യേശു വീണ്ടും വന്ന് ആയിരം വർഷം യെരുശലേമിൽ ഭൗമിക വാഴ്ച്ച നടത്തുമെന്നാണ് മിക്ക ആയിരമാണ്ട് വാഴ്ച്ചക്കാരും വിശ്വസിക്കുന്നത്.[6] ആ കാഴ്ച്ചപ്പാടനുസരിച്ച്, ആയിരമാണ്ട് വാഴ്ച്ചക്ക് ശേഷം പൊതുവായ ന്യായവിധി നടത്തുകയും, ആ സമയത്ത് ആളുകളെ സ്വർഗത്തിലേക്കും നരകത്തിലേക്കും വേർതിരിച്ചയക്കുകയും ചെയ്യുമെന്നാണ് പറയുന്നത്.[7]

ഈ സമീപനം എങ്ങനെ വെളിപ്പാട് പുസ്തക വ്യാഖ്യാനത്തെ ബാധിക്കുമെന്നതാണ് നമ്മുടെ പ്രാഥമികമായ വിചാരം. പല വിശദാംശങ്ങളിലും ആയിരമാണ്ട് സിദ്ധാന്തക്കാർക്ക് തങ്ങളിൽ തന്നെ യോജിക്കുവാൻ കഴിയുന്നില്ല, എന്നാൽ (ചില വൈവിധ്യങ്ങളോടുകൂടി) ഈ പാഠത്തിന്റെ അവസാനം ചേർത്തിരിക്കുന്ന ചാർട്ടിലെ ബാഹ്യരൂപരേഖയിൽ മിക്ക പേരും യോജിക്കും. (ചാർട്ടിൽ ഞാൻ കോണോടുകോണായി ഒരു വര വിലങ്ങനെ വരച്ചിരിക്കുന്നത് ശ്രദ്ധിക്കുക - അത് തെറ്റാണെന്ന് ചൂണ്ടിക്കാണിക്കുന്നതിനാണ്.) ചാർട്ടിന്റെ പൊതുവായ ഒരവലോകനം പിന്നീടുണ്ട്. ചരിച്ചെഴുതിയ ഖണ്ഡികൾ പ്രത്യേകം ശ്രദ്ധിക്കുക, അത് വെളിപ്പാട് പുസ്തകത്തെ കുറിച്ച് ആയിരമാണ്ട് വാഴ്ച്ചക്കാരുടെ സമീപനം ചൂണ്ടിക്കാണിക്കുകയാണ്.

"*യെഹൂദരുടെ ക്രിസ്തുവിനെ ത്യജിക്കൽ.*" യേശു വന്നത് ഒരു ഭൗമികരാജ്യം സ്ഥാപിക്കുവാനാണ് വന്നത്, പക്ഷെ യെഹൂദന്മാർ ഒരു ദേശമായി അവനെ തള്ളിക്കളഞ്ഞതുകൊണ്ട് അവന് അത് കഴിയാതെപോയി എന്നാണ് മിക്ക ആയിരമാണ്ട് വാഴ്ച്ചക്കാരും വിശ്വസിക്കുന്നത്. അതുകൊണ്ട് യേശുവിന്റെ രാജ്യസ്ഥാപന പദ്ധതി നീട്ടിവെച്ചു എന്നാണ് അവർ കരുതുന്നത്. ചാർട്ടിൽ നേരെ, കറുത്ത ഘനമുള്ള ഒരു വര ചാർട്ടിന് വിലങ്ങനെ ഉള്ളത് പ്രതിനിധീകരിക്കുന്നത് (ഈ കാഴ്ച്ചപ്പാടനുസരിച്ച്) ദൈവത്തിന്റെ പദ്ധതികളും ഉദ്ദേശങ്ങളും.

''*സഭാ യുഗം.*'' രാജ്യം സ്ഥാപിക്കുവാൻ യേശുവിന് കഴിയാതിരുന്നതുകൊണ്ട്, രാജ്യം സ്ഥാപിക്കുന്നതുവരെ താൽക്കാലികമായി അവൻ സഭ സ്ഥാപിക്കുകയാണ് ചെയ്തത് എന്ന് അവർ വിശ്വസിക്കുന്നു (ഒരു നിയമമായി, ആയിരമാണ്ട് വാഴ്ച്ചക്കാർ രാജ്യവും സഭയും തമ്മിൽ ഒരു വ്യത്യാസം വരുത്തുകയാണ് ചെയ്യുന്നത്). ദൈവത്തിന്റെ പ്രവചനപദ്ധതികളെയും ഉദ്ദേശങ്ങളേയും താല്ക്കാലികമായി തടസപ്പെടുത്തിയിരിക്കുന്നു എന്ന് സൂചിപ്പിക്കുന്നതാണ് "സഭാ യുഗം" എന്നതിന് ചുറ്റുമുള്ള വൃത്തം.

*അദ്ധ്യായങ്ങൾ 1–3: ഏതാണ്ട് രണ്ടായിരം വർഷമായി നിലനിൽക്കുന്ന സഭയെ കുറിച്ചാണ് വെളിപ്പാട് 1 മുതൽ 3 വരെയുള്ള അദ്ധ്യായങ്ങളിൽ പറയുന്നതെന്നാണ് മിക്ക ആയിരമാണ്ട് വാഴ്ച്ചക്കാരും വിശ്വസിക്കുന്നത്.*[8]

"*യെഹൂദന്മാരുടെ ക്രിസ്തുവിനെ സ്വീകരിക്കൽ.*" ഒരിക്കൽ, അവർ മുന്നറിയിക്കുന്നത് യെഹൂദന്മാർ മുഴുവനും, യേശുവിനെ മശിഹ ആയി സ്വീകരിക്കയും "പ്രവചനത്തിന്റെ പിന്നോക്കം എണ്ണൽ" പുനരാരംഭിക്കയും ചെയ്യുമെന്നാണ്.

*''ഹർഷോന്മാദവും ദുരിതവും (ഏഴ് വർഷം).''* യെഹൂദന്മാരുടെ സ്വീകരിക്കൽ നടക്കുന്നത് ആ ഏഴ് – വർഷ കാലയളവിലാണെന്നാണ് അവർ വിശ്വസിക്കുന്നത്. വിശ്വാസികൾക്ക് അത് ഹർഷോന്മാദ കാലമായിരിക്കും,[9] അത് ആരംഭിക്കുന്നത് വിശ്വാസികൾ യേശുവിനെ എതിരേൽപാൻ മേഘത്തിൽ ചെല്ലുന്നതുമുതലാണ്. വിശ്വാസികൾ പുറപ്പെട്ടു പോയശേഷം, ഭൂമിയിൽ ഏഴ് – വർഷക്കാല ദുരിതം ആരംഭിക്കുമെന്നാണ് അവർ പറയുന്നത്. ഭൂമിയിൽ കുഴപ്പം പിടിച്ചിരിക്കുമ്പോൾ, യേശുവും തന്റെ അനുയായികളും ആകാശത്തിൽ വട്ടമിട്ടു പറക്കും എന്നാണ് അവർ വിശ്വസിക്കുന്നത്.

*അദ്ധ്യായങ്ങൾ 4–19. വെളിപ്പാട് പുസ്തകത്തിന്റെ 4 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങൾ ആ ഏഴ് – വർഷ കാലയളവിലെ വിശദാംശങ്ങളും, മിക്ക ഭാഗങ്ങളും (6 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങൾ) ദുരിതത്തെയുമാണ് പറയുന്നതെന്നാണ് അവർ വിശ്വസിക്കുന്നത്.*

''*യേശുവിന്റെ ഭൂമിയിലെ വാഴ്ച്ച (1,000 വർഷം).*'' ആയിരമാണ്ട് വാഴ്ച്ചക്കാർ പറയുന്നത്, ഏഴ് – വർഷത്തിന്റെ അവസാനം, യേശു ഭൂമിയിലേക്ക് ഇറങ്ങി വന്നു തന്റെ ശത്രുക്കളെ തോൽപിക്കയും, ഒരു ഭൗമിക രാജ്യം സ്ഥാപിക്കയും ചെയ്യും. യേശു യെരുശലേം നഗരത്തിൽ ഭൗമിക സിംഹാസനത്തിൽ ഇരുന്നു ആയിരം വർഷം ഭരിക്കുമെന്നാണ് അവർ വിശ്വസിക്കുന്നത്.

"*കുറച്ചു കാലം.*" ആയിരം ആണ്ടിന് ശേഷം, സാത്താന് കുറച്ചു കാലത്തേക്ക് ഒരു വലിയ സൈന്യത്തെ കൂട്ടിച്ചേർക്കുവാൻ അനുവദിക്കും എന്നും ആ "കുറെ കാലത്തിന്" ശേഷം, സാത്താനേയും അവന്റെ ദുഷ്ടശക്തിയേയും വലിയൊരു യുദ്ധത്തിൽ തോൽപിക്കുമെന്നുമാണ് അവർ കരുതുന്നത്.

“*ന്യായവിധി.*” ന്യായവിധിക്ക് ശേഷമാണ് യേശുവും സാത്താനും തമ്മിലുള്ള യുദ്ധം എന്നാണ് ആയിരമാണ്ട് വാഴ്ച്ചക്കാർ പറയുന്നത്.

*അദ്ധ്യായം 20: ന്യായവിധിനാൾ, “അല്പകാലം,” ആയിര – മാണ്ട് വാഴ്ച്ച എന്നിവയെ കുറിച്ചാണ് വെളിപ്പാട് അദ്ധ്യായം 20 പറയുന്നത് എന്നാണ് അവർ വിശ്വസിക്കുന്നത്.*

“*നിത്യത.*” ന്യായവിധിയെ തുടർന്നാണ് നീതിമാന്മാർ സ്വർഗത്തിലും നീതികെട്ടവർ നരകത്തിലുമായി നിത്യത ആരംഭിക്കുന്നത്.

*അദ്ധ്യായം 21; 22: നീതിമാന്മാർ നിത്യം വസിക്കുന്ന സ്വർഗത്തെ കുറിച്ചാണ് അദ്ധ്യായം 21 ഉം 22 ഉം പറയുന്നതെന്നാണ് അവർ വിശ്വസിക്കുന്നത്.*

ബൈബിൾ ഉപദേശങ്ങൾ അറിയാവുന്നവർക്ക്, ആ ഉപദേശത്തിൽ, ധാരാളം തെറ്റുകൾ ഉള്ളതായി ബോധ്യപ്പെടും. എങ്ങനെയായാലും, ഇപ്പോൾ, ഈ സമീപനത്തിലുള്ള തെറ്റുകൾ മനസിലാക്കാം. അതിനെ കുറിച്ച് ചിന്തിക്കുക; ആ ഉപദേശക്കാർ പഠിപ്പിക്കുന്നത് ആ മൂന്ന് അദ്ധ്യായങ്ങൾ ഏതാണ്ട് രണ്ടായിരം വർഷത്തെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നുവെന്നാണ്, *എന്നാൽ മറ്റു പതിനാറ് അദ്ധ്യായങ്ങൾ ഏഴ് വർഷത്തെ കാര്യങ്ങൾ മാത്രമാണ് കൈകാര്യം ചെയ്യുന്നത് എന്നർത്ഥം.* ആയിരം വർഷം തീർക്കുന്നത് ഒരദ്ധ്യായത്തിൽ കുറവു കൊണ്ടുമാത്രമാണ്! വെളിപ്പാട് പുസ്തകം പ്രാഥമികമായി എടുത്തുകാണിക്കുന്നത് ഏഴുവർഷ കാലയളവിലെ ഭൂമിയിലെ കുഴപ്പം പിടിച്ച അവസ്ഥയെയാണെന്നാണ് മിക്ക ആയിരമാണ്ട് വാഴ്ച്ചക്കാരും കരുതുന്നത്.

ഭാവിയിലധിഷ്ഠിതമായ സമീപനക്കാരുടെ കാഴ്ച്ചപ്പാട് പ്രചാരണത്തിനായി വർഷങ്ങളായി എടുത്തിരുന്നത് സ്ക്കോഫീൽഡ് റെഫറൻസ് ബൈബിളാണ്.[10] ഭാവിയിലധിഷ്ഠിതമായ കാഴ്ച്ചപ്പാടുകാർ പ്രചാരത്തിനായി എടുത്തിരുന്നത് *പരേതനായ ലിൻഡ്സിയുടെ ഗ്രെയിറ്റ് പ്ലാനെറ്റ് എർത്ത് എന്ന പുസ്തകത്തിൽനിന്നായിരുന്നു.*[11]

## ആ സമീപനത്തിലുള്ള “ശക്തികൾ”

ഫ്യൂച്ചറിസത്തിൽ ധാരാളം പ്രശ്നങ്ങളുള്ളതുകൊണ്ട് അതിന്റെ “ശക്തികൾ” എന്ന വാക്ക് ഞാൻ ഉദ്ധരണിയിൽ ഇട്ടിരിക്കുന്നു. ബൈബിൾ വേദഭാഗത്തിലെ അറിയപ്പെടാത്ത വേദഭാഗതലവാചകങ്ങളിൽ ഇന്ന് ആവേശം കൊള്ളിക്കുന്നവർക്ക് രോമാഞ്ചമുളവാക്കുന്നതാണ്, ഈ പ്രചരത്തിലിരിക്കുന്ന സമീപനം. മിക്ക പിതാക്കന്മാരായിരുന്ന സുവിശേഷകന്മാരുടെയെല്ലാം സന്ദേശം “മാനസാന്തരപ്പെടുക! യേശു വീണ്ടും വരുന്നു!” എന്നതായിരുന്നു.

ഭാവിയിലധിഷ്ഠിത സമീപനക്കാർ (അവരുടെ വാക്കുകളിൽ) കരുതുന്നത് അവരുടെ സമീപനശക്തി അവർ വെളിപ്പാട് പുസ്തകത്തെ “അക്ഷരികമായി എടുക്കുന്നതു” കൊണ്ടാണെന്ന് വിശ്വസിക്കുന്നു. പുസ്തകത്തിലെ തിരഞ്ഞെടുക്കുന്ന ഭാഗങ്ങൾ നമ്മിൽ പലരും എടുക്കുന്നതിനേക്കാളധികം അക്ഷരികമായി അവർ എടുക്കുന്നു എന്നത് വാസ്തവമാണ്; അതിനുള്ള പ്രധാനപ്പെട്ട ഉദാഹരണമാണ് വെളിപ്പാട് പുസ്തകം 20 ലെ “ആയിരം ആണ്ട്.” എങ്ങനെയായാലും, ഞാൻ പല ചോദ്യങ്ങൾ ഉയർത്തുന്നു: ഒരു വ്യക്തി ആലങ്കാരിക ഭാഷ അക്ഷരികമായി ഉപയോഗിക്കുന്നത് ശക്തിയുടെ അടയാളമാണോ, അതോ അയാളുടെ വ്യാഖ്യാനമികവിലുള്ള ബലഹീനതയുടെ അടയാളമാണോ? വീണ്ടും, ഒരാൾ ആലങ്കാരിക ഭാവനയിലുള്ള വേദശാസ്ത്ര സ്ഥാനത്തെ തന്റെ വ്യാഖ്യാനം ആവശ്യമായി കാണുന്നതാണോ ശക്തി,

അതോ അത് ബലഹീനതയുടെ അടയാളമാണോ?

വെളിപ്പെടുത്തൽ സാഹിത്യം, *അലങ്കാരങ്ങളിൽ കൂടെ*യാണ് പഠിപ്പിക്കുന്നതെന്ന് ഓർമ്മിക്കുക. വർണ്ണനാഭാഷ വ്യാഖ്യാനിക്കുന്നതിന് മുഖ്യമായി, അത് "അക്ഷരികമായി" കണക്കാക്കാതെ *സ്വാഭാവികമായി* കണക്കാക്കുക – മറ്റൊരു വാക്കിൽ പറഞ്ഞാൽ അത് വർണ്ണനാ ഭാഷയാണ്. യേശു പറഞ്ഞു, "ഞാൻ വാതിൽ ആകുന്നു" (യോഹന്നാൻ 10:9), പക്ഷെ നാം അവന്റെ പ്രസ്താവന *അക്ഷരികമായി* എടുക്കുകയില്ല. അതായത്, യേശു ഒരു വാതിലായി വിജാവിരി അടിച്ചതല്ല, എന്ന് നാം വിശ്വസിക്കുന്നു, അതായത് ആ പ്രസ്താവന നാം *സ്വാഭാവികമായി* എടുക്കുന്നു. രക്ഷക്ക് അവൻ മാത്രമാണ് മാർഗമെന്നാണ് ആ ആലങ്കാരിക ഉപയോഗത്താൽ യേശു അർത്ഥമാക്കിയതെന്ന് നാം തിരിച്ചറിയുന്നു.

### ആ സമീപനത്തിന്റെ ബലഹീനത

വെളിപ്പാട് പുസ്തകത്തെ കുറിച്ച് തുലനാവസ്ഥയില്ലായ്മയാണ് ആ സമീപനത്തിന്റെ ഒരു ബലഹീനത. ഏഴു വർഷ കാലയളവിനെ കുറിച്ചു പറയുവാനാണ് വെളിപ്പാട് പുസ്തകം എഴുതിയതെന്ന് പറയുന്ന ഏതു സമീപനത്തെയും നാം സംശയിക്കണം.

"മര അക്ഷരപ്രയോഗം"[12] എന്ന് ബ്രൂസ് മെറ്റ്സ്ജെർ വിളിച്ചിരിക്കുന്ന അതിന്റെ വിധേയത്വമാണ് മറ്റൊരു ബലഹീനത. അലങ്കാരങ്ങളുടെ അർത്ഥം വേദഭാഗം തന്നെ പലപ്പോഴും വ്യക്തമാക്കുന്നുണ്ട് (1:20; 4:5; 5:6, 8; 12:3, 9; 17:9, 12, 15, 18; 19:8; 20:14), പുസ്തകത്തിലെ എല്ലാം, അല്ലെങ്കിൽ മിക്കവയും അക്ഷരികമായി എടുക്കേണ്ടതല്ല എന്നതിന് അടിവരയിടുക.

മുന്നറിയിച്ച സംഭവങ്ങൾ ഉടനെ സംഭവിക്കുവാനിരിക്കുന്നു എന്ന യോഹന്നാന്റെ പ്രസ്താവന അസ്ഥിരമാക്കുന്നതാണ് ആ സമീപനത്തിന്റെ മുഖ്യമായ ബലഹീനത: "യേശുക്രിസ്തുവിന്റെ വെളിപ്പാട് വേഗത്തിൽ സംഭവിപ്പാനുള്ളത് തന്റെ ദാസ – ന്മാരെ കാണിക്കേണ്ടതിന്ന് ദൈവം അത് അയച്ചുകൊടുത്തു" (1:1). *ഡേയി* എന്ന വാക്ക് തർജിമ ചെയ്തതാണ് "മസ്റ്റ്" എന്ന വാക്ക് "വ്യക്തിപരമല്ലാത്ത ധാർമ്മികത ആവശ്യപ്പെടുന്ന ക്രിയയാണ് അത്."[13] "താൻ പലതും സഹിച്ചു കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കയും *വേണ്ടത്*" എന്ന് പറയുമ്പോൾ, യേശു ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (മത്തായി 16:21; എംഫസിസ് മൈൻ). കൂടാതെ, "ഷോർട്ട്ലി" എന്നതിന്റെ ഗ്രീക്ക് വാക്ക് തർജിമ ചെയ്തതിന്റെ അർത്ഥം "പെട്ടെന്ന്" അല്ലെങ്കിൽ "ഉടനെ" എന്നാണ്. തിമൊഥെയൊസിനോട് "*വേഗത്തിൽ* എന്റെ അടുക്കൽ വരുവാൻ ഉൽസാഹിക്ക" എന്ന് പൗലൊസ് പറഞ്ഞപ്പോഴും ആ വാക്കാണ് ഉപയോഗിച്ചത് (2 തിമൊഥെയൊസ് 4:9; എംഫസിസ് മൈൻ). വെളിപ്പാട് പുസ്തകം പ്രാഥമികമായി എഴുതിയത് ആയിരക്കണക്കിന് വർഷങ്ങൾക്ക്ശേഷം നടക്കുന്ന സംഭവങ്ങളെ പറയുന്നതിനല്ല.

ഈ സമീപനത്തിന്റെ പ്രധാന ബലഹീനത എന്തെന്നാൽ അവരുടെ വ്യാഖ്യാനത്തിൽ ഒന്നാം – നൂറ്റാണ്ടിൽ ഉപദ്രവം സഹിച്ചുകൊണ്ടിരുന്ന ക്രിസ്ത്യാനികൾക്ക് ഒരു സന്ദേശവുമില്ല എന്നതാണ്. കഠിന വേദനയിലായിരിക്കുന്ന നിങ്ങളോട്, "ഇപ്പോൾ നിങ്ങൾക്ക് വേദനയുണ്ടെന്ന് എനിക്ക് അറിയാം, എന്നാൽ *ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷം* ദൈവം എല്ലാം നേരെ ആക്കും എന്ന് നിങ്ങൾ അറിയണം!" എന്ന് നിങ്ങളുടെ സ്നേഹിതൻ പ

റയുന്നു എന്ന് വിചാരിക്കുക. അത് നിങ്ങളെ ആശ്വസിപ്പിക്കുമോ, അല്ലെങ്കിൽ, "അതൊക്കെ ശരി, *ഇപ്പോഴാണ്* എനിക്ക് സഹായം വേണ്ടത്" എന്ന് നിങ്ങൾ പറയുകയില്ലേ?

ഈ സമീപനത്തിന്റെ കൽപിതമായ ബലഹീനത, അതിന്റെ അടിസ്ഥാന പ്രമാണങ്ങൾ ബൈബിളിലെ വ്യക്തമായ ഉപദേശങ്ങൾക്ക് എതിരാണ് എന്നതാണ്. ഉദാഹരണത്തിന്, കർത്താവ് രക്തം കൊടുത്തു സമ്പാദിച്ച സഭയെ വിലകുറച്ച് കാണിക്കുകയാണ് (പ്രവൃത്തികൾ 20:28). പല ആയിരമാണ്ട് വാഴ്ച്ചക്കാരും പറയുന്നതനുസരിച്ച്, രാജ്യം സ്ഥാപിക്കുവാൻ യേശുവിനെ യെഹൂദന്മാർ തടസപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ, അവൻ തന്റെ "ആദ്യവരവിൽ" സഭ സ്ഥാപിക്കുമായിരുന്നില്ല, അപ്പോൾ അവൻ ഭൂമിയിൽ തന്റെ രാജ്യം സ്ഥാപിക്കുമായിരുന്നു എന്നാണ്.[14] അത് സത്യമാകയില്ല, കാരണം സഭ എന്നത് ദൈവത്തിന്റെ നിത്യപദ്ധതിയുടെ മുഖ്യഭാഗമായിരുന്നു (എഫെസ്യർ 3:10, 11, 21).

ഈ പരമ്പരക്ക് ആയിരമാണ്ടു വാഴ്ച്ചക്കാരെ[15] ഖണ്ഡിക്കുക എന്ന ഉദ്ദേശമല്ല ഉള്ളത്. പക്ഷെ വെളിപ്പാട്പുസ്തകത്തെ കുറിച്ചുള്ള ഊഹാപോഹങ്ങളധികവും ആയിരമാണ്ട് വാഴ്ച്ച പഠിപ്പിക്കുന്നവരുടെ സംഭാവനയാണ്. അക്കാരണത്താൽ – ഈ പുസ്തകത്തെ കുറിച്ച് ഭാവിയിലധിഷ്ഠിത സിദ്ധാന്തക്കാരുടെ സമീപനം പ്രചാരത്തിലുള്ളതുകൊണ്ടുകൂടെയാണ് – ചിലപ്പോഴെല്ലാം ഞാൻ ആയിരമാണ്ട് വ്യാഖ്യാനത്തിന്റെ ബലഹീനത എടുത്തുകാണിക്കുന്നത്.

## തുടർച്ചയായ ചരിത്ര സമീപനം

### ഈ സമീപനത്തിന്റെ നിർവ്വചനം

വെളിപ്പാട് പുസ്തകം ചരിത്രത്തിന്റെ വിശദമായ ഒരു ബ്ലൂപ്രിന്റ് നൽകുന്നു എന്നതാണ് തുടർച്ചയായ ചരിത്ര സമീപന കാഴ്ച്ചപ്പാട്. (പ്രത്യേകിച്ച് സഭയുടെ ചരിത്രം) ഒന്നാം നൂറ്റാണ്ടു മുതൽ ലോകാവസാനം വരെ.

> ഈ സമീപനം എടുത്തിരിക്കുന്നവർ വെളിപ്പാടിനെ കാണുന്നത് പെന്തെകൊസ്തു മുതൽ കാലാവസാനം വരെ ആലങ്കാരികമായി സഭയുടെ സംഭവങ്ങളെയാണ്. അവർ ... വിചാരിക്കുന്നത് പുസ്തകത്തിലെ യുദ്ധങ്ങൾ വാസ്തവത്തിലുള്ള യുദ്ധത്തിന്റെ ചിത്രമായിട്ടാണ് (ബാറ്റിൽ ഓഫ് ടൂഴ്സ്), പ്രസ്ഥാനങ്ങൾ (മൊഹമ്മദനീയസത്തിന്റെ ആവിർഭാവം, പ്രൊട്ടസ്റ്റന്റ് നവോത്ഥാനം), വ്യക്തികൾ (നെപ്പോളിയൻ, പോപ്പ്, ഹിറ്റ്ലർ), അല്ലെങ്കിൽ സംഭവങ്ങൾ (കോൺസ്റ്റന്റയിൻസ് എഡിക്റ്റ് ഓഫ് ടോളെറേഷൻ).[16]

ഈ സമീപനത്തെ കാലാനുക്രമ കാഴ്ച്ചപ്പാട്, ചരിത്ര – ബാഹ്യരൂപ സമീപനം, ചരിത്രപരമായ (അല്ലെങ്കിൽ ഹിസ്റ്റോറിസിസ്റ്റ്) വ്യാഖ്യാനരീതി എന്നും വിളിക്കുന്നുണ്ട്.[17]

പ്രൊട്ടസ്റ്റന്റുകാർക്കിടയിൽ പ്രചാരത്തിലിരിക്കുന്നത് തുടർച്ചയായ – ചരിത്രസമീപനമാണ്. ഏതാനും ദശാബ്ദങ്ങൾക്ക് മുമ്പ് വരെ, ഈ സമീപനമായിരുന്നു മിക്ക പ്രൊട്ടസ്റ്റന്റു വ്യാഖ്യാതാക്കളും എടുത്തിരുന്നത്. റോമൻ കത്തോലിക്കാ സമൂഹത്തിനു പൊതുവായും, പ്രത്യേകിച്ച് പോപ്പിനും പ്രത്യേക

ശ്രദ്ധ കൊടുത്തിരുന്നു. ഈ സമീപനത്തിന് സ്വാധീനം ചെലുത്തിയവയിൽ, ആൽബെർട്ട് ബാണസിന്റേയും ആഡം ക്ലാർക്കിന്റേയും കമെന്ററികളും ഉൾപ്പെടുന്നു.[18] ജോൺ ടി. ഹിൻഡ്സ് പിൻപറ്റിയിരുന്നത്, വെളിപ്പാട്പുസ്തകത്തെ കുറിച്ചുള്ള ബാർണസിന്റെ സമീപനമായിരുന്നു, അത് ആയിരുന്നു പുതിയനിയമത്തെ കുറിച്ചു പ്രചാരത്തിലിരുന്ന ഗോസ്പൽ അഡ്വെക്കേറ്റിന്റെ പരമ്പരയിലുണ്ടായിരുന്നത്.[19]

## ഈ സമീപനത്തിന്റെ ശക്തികൾ

ഈ സമീപനം കത്തോലിക്കരെ എതിർത്തിരുന്നവർക്ക് ആകർഷണീയമായി തോന്നിയിരുന്നു. വെളിപ്പാട് പുസ്തകത്തിലെ ദർശനങ്ങളുമായി പാശ്ചാത്യയൂറോപ്പിന്റെ ചരിത്രം സമാന്തരപ്പെടുത്തി ക്രിയാത്മകമായ ഒരു സമയവിവരപട്ടിക തയ്യാറാക്കുവാൻ വ്യാഖ്യാതാക്കൾ ശ്രമിച്ചിട്ടുള്ളത് ആകർഷണീയമെന്ന് തോന്നുന്നു. ഇന്നത്തേക്ക് അതിൽ ഒരു സന്ദേശമുണ്ട് എന്നതാണ് ഈ സമീപനത്തിന്റെ ശക്തി: "ചരിത്രം മുഴുവൻ ദൈവനിയന്ത്രണത്തിലാണ്." പൊതുവിൽ, ഭാവിയിലധിഷ്ഠിത സമീപനത്തിലുള്ള അപകടം ഇതിലില്ല എന്നതാണ് ആശ്വാസകരം.

## ഈ സമീപനത്തിന്റെ ബലഹീനത

ഈ കാഴ്ച്ചപ്പാട് അധികവും ഊഹാപോഹവും വിഷയസംബന്ധിയുമാണ് എന്നതാണ് അതിന്റെ ഒരു ബലഹീനത. ഒരിക്കൽ വ്യാഖ്യാതാക്കൾ സഭാചരിത്രത്തിന്റെ ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞാൽ, വ്യാഖ്യാനം നടത്തുന്നതിൽ വലിയ വ്യത്യാസം കാണാവുന്നതാണ്.[20] ഏതാനും ദർശനം സൂചിപ്പിക്കുന്നത് മാർട്ടിൻ ലൂഥറിനേയും നവോത്ഥാനത്തേയുമാണെന്ന് വിശ്വസിക്കുന്നതായി ഒരു എഴുത്തുകാരൻ എഴുതി, പക്ഷെ മറ്റൊരാൾ അതിനെ അച്ചടി യന്ത്രം കണ്ടുപിടിച്ചതായിട്ടാണ് പറഞ്ഞിരിക്കുന്നത്.

വ്യാഖ്യാതാക്കൾ ഏകപക്ഷിയമായി പാശ്ചാത്യയൂറോപ്പിലെ സംഭവങ്ങൾ മാത്രം എടുക്കുന്നതാണ് ഇതു സംബന്ധിച്ച ബലഹീനത, അതേസമയം സുവിശേഷം എത്തിയിട്ടുള്ള രാജ്യങ്ങൾ അവർ അവഗണിച്ചിരിക്കയാണ്. തീർച്ചയായും ദൈവം സർവ്വ ലോകത്തെയും കുറിച്ചു കരുതും.

യേശുവിന്റെ വീണ്ടും വരവിനെ കുറിച്ച് സമയം നിശ്ചയിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നതാണ് മിക്ക തുടർച്ചയായ - ചരിത്ര വ്യാഖ്യാതാക്കളുടെയും നിർഭാഗ്യകരമായ ബലഹീനത. അവർ പൊതുവിൽ കരുതുന്നത് ഒരു ദിവസം = ഒരു വർഷം (വെളിപ്പാട് പുസ്തകത്തെ സംബന്ധിച്ച് ഉറപ്പില്ലാത്ത നിഗമനം).[21] യേശുവിന്റെ വരവിന്റെ കൃത്യസമയം നിശ്ചയിച്ചവർ സ്വീകരിച്ച ആശയം "ഒരു ദിവസം = ഒരു വർഷം" എന്നതാണ്. അവരുടെ തീയതികളിൽ യേശു വരാതിരുന്നത് സൂചിപ്പിക്കുന്നത് അവർ കള്ളപ്രവാചകന്മാരായിരുന്നു എന്നാണ്. അവന്റെ രണ്ടാം വരവ് എപ്പോഴാണെന്ന് ഒരു മനുഷ്യനും അറിയില്ല (മത്തായി 24:36; 1 തെസലൊനിക്യർ 5:4; 2 പത്രൊസ് 3:10; വെളിപ്പാട് 3:3; 16:15).

വെളിപ്പാട് പുസ്തകത്തിലെ മിക്ക സംഭവങ്ങളും ഒന്നാം നൂറ്റാണ്ടിൽനിന്നും വിദൂരഭാവിയിൽ നടക്കുവാനുള്ളതാണ് എന്ന് പറയുന്നതാണ്, തുടർച്ചയായ ചരിത്രസമീപനത്തിന്റെ ഗൗരവമായ ബലഹീനത. "വേഗത്തിൽ സംഭവിപ്പാനിരിക്കുന്നതാണ് " പുസ്തകം പറയുന്നതെന്ന് 1:1-ൽ യോഹന്നാൻ പറയുന്നു. "... സമയം അടുത്തിരിക്കുന്നു" എന്നാണ് 1:3-ൽ പറയുന്നത്".

ദർശനങ്ങളെ ഈ സമീപനം പൊതുവിൽ കാണുന്നത് കാലാനുക്രമമായിട്ടാണ് എന്നതാണ് ഈ സമീപനത്തിന്റെ മറ്റൊരു സമീപനം. ഒരു സംഭവം കഴിഞ്ഞ് മറ്റൊന്നായി കാലാവസാനം വരെ സംഭവിക്കുന്നു. ഈ അവതരണം വെളിപ്പാട് പുസ്തകത്തിൽ പല പ്രശ്നങ്ങളും ഉണ്ടാക്കും ഉദാഹരണത്തിന് പുസ്തകത്തിന്റെ പകുതിയിലെത്തുമ്പോൾ, അദ്ധ്യായം 12 ലാണ് യേശുവിന്റെ ജനനത്തെ കുറിച്ച് പറയുന്നത്.[22]

ഈ സമീപനത്തിലുള്ള ബലഹീനത എന്തെന്നാൽ, ഈ വ്യാഖ്യാനം ശരിയാണെങ്കിൽ, വെളിപ്പാട് പുസ്തകം ഒന്നാം നൂറ്റാണ്ടിലെ ഉദ്രവിക്കപ്പെടുന്ന ക്രിസ്ത്യാനികൾക്ക് അല്പമെ ആശ്വാസം ലഭിക്കുന്നുള്ളു എന്നതാണ്. പുസ്തകം അവർക്ക് പരിഹരിക്കുവാൻ പറ്റാത്ത ഒരു കടങ്കഥയായി അനുഭവപ്പെടും. ഭാവി ചരിത്രത്തെ കുറിച്ചു വിവരിക്കുവാൻ കഴിഞ്ഞാൽ പോലും, അവർക്ക് അതിന്റെ ഉടനെയുള്ള ഗുണം വളരെ കുറച്ചു മാത്രമെ ലഭിക്കുന്നുള്ളു. തല ഛേദിക്കുവാനിരിക്കുന്ന ഒരു ക്രിസ്ത്യാനിയോട്, "സഭക്ക് വിശ്വാസത്യാഗം സംഭവിക്കും, എന്നാൽ വിശ്വസ്തരായവർ ക്രമേണ വിജയിക്കും" എന്നു പറയുന്നു എന്ന് വിചാരിക്കുക. അത് മരണശിക്ഷ നടത്തുന്നവരെ അഭിമുഖീകരിക്കുവാൻ എങ്ങനെ സഹായിക്കും?

ഏതാണ്ട് സാർവ്വദേശീയമായ അതിന്റെ അപേക്ഷ തന്നെ നഷ്ടമാക്കുന്ന തെറ്റാണ് അത് – എന്ന് അതിന്റെ കല്പിതമായ ബലഹീനതയായി കാണാം – അതായത് ക്രിസ്തു വരുന്നതിന് മുൻപ് എത്ര കാലം എടുക്കുമെന്ന് നമുക്ക് അറിയില്ല. മിക്ക തുടർച്ചയായ ചരിത്ര സമീപന വ്യാഖ്യാതാക്കളും പുസ്തകത്തിലെ അവസാന ഭാഗത്തെ സംഭവങ്ങൾ അവരുടെ കാലയളവിൽ സംഭവിക്കുന്നതായിട്ടാണ് പറഞ്ഞിരിക്കുന്നത്; അല്ലെങ്കിൽ പല ദർശനങ്ങളും വിശദമാക്കുവാൻ സാധ്യമല്ല. അതിനർത്ഥം ചരിത്രത്തിൽ പ്രധാനപ്പെട്ട പുതിയ സംഭവവികാസങ്ങളുണ്ടാകുന്നതനുസരിച്ച് അവരുടെ സമയവിവരപ്പട്ടിക പുതുക്കേണ്ടതായി വരും. നാലായിരം വർഷങ്ങൾ കൂടെ കഴിഞ്ഞിട്ടും യേശു മടങ്ങി വന്നില്ലെങ്കിൽ എന്തു സംഭവിക്കും? അതിനർത്ഥം വെളിപ്പാടിലെ മൂന്നിൽ – ഒരു ഭാഗം മാത്രമെ നിറവേറിയിട്ടുള്ളു, അങ്ങനെയാകുമ്പോൾ, പുസ്തകത്തിന്റെ മൂന്നിൽ – രണ്ടു ഭാഗത്തെ കുറിച്ച് നാം അന്ധതയിലായിരിക്കും!

ഈ കാഴ്ച്ചപ്പാട് സ്വീകരിച്ചിരിക്കുന്നവർ കത്തോലിക്കരുടെ തെറ്റുകളെ കുറിച്ച് വിചാരപ്പെടുന്നതിൽ ഞാൻ അനുമോദിക്കുന്നു, എന്നാൽ അവരുടെ തെറ്റുകളെ ഖണ്ഡിക്കുവാൻ ബൈബിളിൽ വേറെ നല്ല വേദഭാഗങ്ങളുണ്ട്. ''പിതാക്കന്മാരുടെ യുദ്ധത്തെ കൈകോർക്കുക'' എന്നതല്ല വെളിപ്പാട് പുസ്തകത്തിന്റെ മുഖ്യ ഉദ്ദേശം.[23] മറിച്ച് ബാധിതരെ ആശ്വസിപ്പിക്കുക എന്നതാണ്.

### ഭൂതകാലാധിഷ്ഠിത സമീപനം

#### ഈ സമീപനത്തിന്റെ നിർവ്വചനം

മൂന്നാമത്തെ സമീപനത്തെ പൊതുവിൽ ഭൂതകാലാധിഷ്ഠിത സമീപനം എന്നാണ് അറിയപ്പെടുന്നത്. "ഭൂതകാലാധിഷ്ഠിത" മെന്ന വാക്ക് വന്നിരിക്കുന്നത് ലാറ്റിൻ വാക്കിൽനിന്നാണ്, അർത്ഥം "അപ്പുറം" അല്ലെങ്കിൽ "കഴിഞ്ഞ" എന്നാണ്.[24] ഭൂതകാലാധിഷ്ഠിത സമീപനപ്രകാരം വെളിപ്പാട് പുസ്തകം (എല്ലാം അല്ലെങ്കിൽ) മിക്കവയും സഭയുടെ ആദ്യ നൂറ്റാണ്ടുകളിൽ സംഭവിച്ചു

കഴിഞ്ഞു – മറ്റൊരർത്ഥത്തിൽ നമ്മുടെ *ഭൂതകാലത്തിൽ.*

വെളിപ്പാട് പുസ്തകം എഴുതുന്ന സമയത്ത് കഴിഞ്ഞ സംഭവങ്ങളെയാണ് പ്രത്യേകമായി പറയുന്നത് എന്നാണ് ഭൂതകാലാധിഷ്ഠിത സമീപനക്കാർ പഠിപ്പിക്കുന്നത് (അല്ലെങ്കിൽ അധികം താമസിക്കാതെ സംഭവിച്ച കാര്യങ്ങളാണ്): ഉദാഹരണത്തിന്, മശിഹയുടെ വരവ്, സഭാ സ്ഥാപനം, യെരുശലേം നാശം എന്നിവ. ആ കാഴ്ച്ചപ്പാട് അനുസരിച്ച്, ക്രിസ്തുവിലുള്ള ദൈവത്തിന്റെ ഉദ്ദേശങ്ങളുടെ നിറവേറലിന്റ പുനരവലോകനമായിരുന്നു വെളിപ്പാട്. അതുകൊണ്ട് അതിനെ പുനരവലോകന സമീപനം എന്നും വിളിച്ചിട്ടുണ്ട്. ഈ കാഴ്ച്ചപ്പാടിനെ ശക്തമായി പിന്താങ്ങിയ ആളായിരുന്നു ഫോയ് ഇ. വാലസ് ജൂനിയർ.[25] അതിന് ചില ശക്തികളുണ്ട്, എന്നാൽ ദൈവം എന്തിനാണ് ഒരു അസാധാരണ രീതി (വെളിപ്പെടുത്തൽ അലങ്കാരം) മിക്ക ക്രിസ്ത്യാനികൾക്കും സുപരിചിതമായ വിവരം നൽകുവാൻ ഉപയോഗിച്ചത്?

"ഏ.ഡി. 70 സിദ്ധാന്തക്കാർ"[26] ശരിയാണെന്ന് കരുതി സാധൂകരിച്ച സമീപനത്തിൽ ചില തീർച്ചപ്പെടുത്തലുകളുണ്ട്. ഈ തെറ്റായ ഉപദേശം ലോകത്തിലെ പല സഭകളെയും കുഴപ്പത്തിലാക്കിയിട്ടുണ്ട്.

ഭൂതകാലാധിഷ്ഠിത സമീപനത്തിന്റെ പ്രത്യേകതയിലേക്കാണ് തുടർന്ന് വരുന്ന അഭിപ്രായപ്രകടനങ്ങൾ വിരൽ ചൂണ്ടുന്നത്, അതിനെ ആനുകാലിക – ചരിത്രകാഴ്ച്ചപ്പാട് എന്നും വിളിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ച ഭൂതകാലാധിഷ്ഠിത സമീപനം വെളിപ്പാട് പുസ്തകത്തെ കുറിച്ചുള്ള ജെ.ഡബ്ലിയു. റോബർട്സിന്റെ കമെന്ററിയിൽ ഉപയോഗിച്ചിട്ടുണ്ട്.[27]

### ഈ സമീപനത്തിന്റെ ശക്തികൾ

ഈ സമീപനത്തിന്റെ ശക്തി എന്തെന്നാൽ, അത് ഒന്നാം നൂറ്റാണ്ടിലെ ചരിത്ര പശ്ചാത്തലത്തിൽ ഊന്നിയിരിക്കുന്നു എന്നതാണ്. ബൈബിളിലെ മിക്ക പുസ്തകങ്ങളെ കുറിച്ചുള്ള നമ്മുടെ മനസിലാക്കൽ വർദ്ധിപ്പിക്കുന്നത് അവ എഴുതപ്പെട്ട കാലയളവിലെ ചരിത്രസാഹചര്യങ്ങളെ അറിയുന്നതിലൂടെയാണ്. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് അതിൽ ഒരു സന്ദേശം ഉണ്ട് എന്നതായിരുന്നു അതിന്റെ മറ്റൊരു ശക്തി: "റോമാ സാമ്രാജ്യം അജയ്യമാണെന്ന് തോന്നിയേക്കാം, എന്നാൽ ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നത്. അവസാനം, റോം നശിപ്പിക്കപ്പെടുകയും നിങ്ങൾ നീതീകരിക്കപ്പെടുകയും ചെയ്യും!"

### ഈ സമീപനത്തിന്റെ ബലഹീനത

കർശനമായ അർത്ഥത്തിൽ, വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞ കാര്യങ്ങളെല്ലാം റോമാ സാമ്രാജ്യ കാലത്തു തന്നെ നിറവേറി എന്നതാണ് ആ കാഴ്ച്ചപ്പാട് പറയുന്നത്. ഇത് വെളിപ്പാടിനെ "ഒന്നാം നൂറ്റാണ്ടിന് വേണ്ടി എഴുതിയ ഒരു ലഘുലേഖയേക്കാൾ" അധികമാക്കുന്നില്ല.[28] ആ സമീപനത്തിൽ രണ്ട് ബലഹീനതകൾ തെളിയുന്നുണ്ട്. ഒന്ന്, അതനുസരിച്ച്, ഇന്നത്തേക്ക് വെളിപ്പാട് പുസ്തകത്തിന് പരിമിതമായ സന്ദേശമേ ഉള്ളു. രണ്ട്, "അവസാന കാര്യങ്ങളെ" കുറിച്ച് പുസ്തകം വ്യക്തമായി പഠിപ്പിക്കുന്നതിനെ ആ കാഴ്ച്ചപ്പാട് അവഗണിക്കുന്നു.

ഭാവിയിലധിഷ്ഠിത സമീപനത്തിൽനിന്നു വിപരീതമായി, ഭൂതകാലാധിഷ്ഠിത സമീപനം വെളിപ്പാട് പുസ്തകത്തിലെ മറ്റു ഭാഗങ്ങളിലെ വ്യക്തമായ ഉപദേശത്തെ ലംഘിക്കുന്നില്ല. കൂടാതെ അതിന് തുടർച്ചയായ

ചരിത്ര സമീപനത്തിൽ - തന്നെയുള്ള ബലഹീനതകൾ അതിലില്ല: അത് സമയാ - സമയങ്ങളിൽ പുതുക്കേണ്ട ആവശ്യം വരുന്നില്ല. അതുകൊണ്ട് അതിൽ അധികവും പ്രശംസനീയമത്രെ, എന്നാൽ ഇന്നത്തെ വായനക്കാർക്ക് പ്രയോജനകരമാകുവാൻ ചില പരിഷ്ക്കാരം അതിൽ വരുത്തണം.[29]

## ആലങ്കാരിക സമീപനം

### ഈ സമീപനത്തിന്റെ നിർവ്വചനം

ആലങ്കാരിക സമീപനത്തെ പല പേരുകളിൽ അറിയപ്പെടുന്നുണ്ട്, ഉദാഹരണത്തിന്, ചരിത്രത്തിന്റെ തത്വജ്ഞാന സമീപനം, നാടകീയ രീതി, ആദർശവാദ കാഴ്ച്ചപ്പാട്, പ്രവചന - തത്വ സംവിധാനം, ആത്മിയ പാഠശാല, സമയപരിധിയില്ലാത്ത ആശയം എന്നിവയാണ്. ഞാൻ ആദ്യം കേട്ട സമീപനം ആയ, "ആലങ്കാരിക സമീപനം" ആണ് ഇതിൽ ഉപയോഗിക്കുന്നത്. മിക്ക എഴുത്തുകാരും ഈ സമീപനത്തെ ഒന്നുകിൽ ആലങ്കാരിക കാഴ്ച്ചപ്പാട്, അല്ലെങ്കിൽ ചരിത്രത്തിന്റെ തത്വ - ജ്ഞാന പാഠശാല എന്നാണ് വിളിച്ചിരിക്കുന്നത്.

*എക്കാ*ലവും നന്മയും തിന്മയും തമ്മിൽ പോരാട്ടം നടക്കുകയും, അവസാനം നന്മ ജയിക്കുകയും ചെയ്യുമെന്ന കാര്യം വെളിപ്പാട് പുസ്തകത്തിൽ ആലങ്കാരികമായി പറയുന്ന സമീപനത്തെയാണ് ആലങ്കാരിക സമീപനം എന്ന് പറയുന്നത്. അത് പുസ്തകത്തിലെ സ്ഥലങ്ങളോ, ആളുകളോ, സംഭവങ്ങളോ തിരിച്ചറിയുവാൻ വലിയ ശ്രമം ഒന്നും നടത്തുകയോ, അല്ലെങ്കിൽ ചരിത്ര പശ്ചാത്തലത്തിന് വലിയ പ്രാധാന്യം കൊടുക്കുകയോ ചെയ്യുന്നില്ല. ഈ സമീപനം ഊന്നൽ കൊടുക്കുന്നത് വിശദാംശങ്ങളേക്കാൾ ദർശനങ്ങൾക്കാണ്.

1956–ൽ. അബിലീൻ ക്രിസ്ത്യൻ കോളേജിൽ വെച്ച് ഫ്രാങ്ക് പാക്കിന്റെ കീഴിൽ, ഞാൻ പഠിച്ച സമീപനം ഇതാണ്. വെളിപ്പാട് പുസ്തകം ഇഷ്ടപ്പെടുവാൻ എന്നെ ഇടയാക്കിയതും മറ്റൊന്നല്ല. ഞങ്ങൾ പഠിച്ചത് വില്യം ഹെൻഡ്രിക്സന്റെ *മോർ ദാൻ കോൺകറേഴ്സ്* എന്ന പുസ്തകമായിരുന്നു.[30] ഹെൻഡ്രിക്സന്റെ സമീപനം, പരിഷ്ക്കരിച്ച ആലങ്കാരിക സമീപനമായിരുന്നു,[31] അത് ചരിത്ര പശ്ചാത്തലം പൂർണ്ണമായി അവഗണിച്ചിരുന്നില്ല.[32] ഈ സമീപനം ആണ് എന്റെ വിദ്യാർത്ഥികളിൽ ഒരാളെ "ഐ ഈവൻ സോർട്ട് ഓഫ് ലൈക്ക് റെവെലേഷൻ നൗ" എന്ന പുസ്തകം എഴുതുവാൻ പ്രേരിപ്പിച്ചത്.

### ഈ സമീപനത്തിന്റെ ശക്തികൾ

മറ്റെല്ലാ വ്യാഖ്യാന രീതികളേക്കാളും "അപകടം കുറഞ്ഞ" സമീപനമാണ് ആലങ്കാരിക സമീപനം. മറ്റു കാഴ്ച്ചപ്പാടുകളിലെ വിശാലമായ സങ്കൽപങ്ങൾ അത് തള്ളിക്കളയുന്നു. കൂടാതെ, അത് സമയപരിധിയില്ലാത്ത തത്വങ്ങളിൽ കേന്ദ്രീകരിക്കുന്നതുകൊണ്ട്, ഏറ്റവും പ്രായോഗികമായ സമീപനമാണ്. ഒരാൾക്ക് വെളിപ്പാട് പുസ്തകത്തിന്റെ ചരിത്രപശ്ചാത്തലം എന്തെങ്കിലും അറിഞ്ഞാലും ഇല്ലെങ്കിലും, അപ്പോഴും അതിന് ഒരു സന്ദേശമുണ്ട് - ഒന്നാം നൂറ്റാണ്ടിലേക്കും ഇന്നത്തേക്കും അത് ശക്തമായതു തന്നെ: "കർത്താവ് വാഴുന്നു! കർത്താവിൽ ശക്തിപ്പെടുക! അവന്റെ നാമം വിജയിക്കും!"

## ഈ സമീപനത്തിന്റെ ബലഹീനതകൾ

വെളിപ്പാട് പുസ്തകം എഴുതിയപ്പോഴത്തെ രാഷ്ട്രീയവും ആത്മിയവുമായ സാഹചര്യത്തിന്മേൽ വേണ്ടത്ര ഊന്നൽ കൊടുത്തില്ല എന്നതാണ് പ്രത്യേക ആലങ്കാരിക സമീവനത്തിലെ പോരോയ്മ. വെളിപ്പാട് പുസ്തകത്തിലെ അടിസ്ഥാന മാർഗങ്ങൾ അറിയണമെന്നില്ല, അതിലെ അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കുവാൻ; എന്നാൽ ഒരാൾ വെളിപ്പാട് വായിച്ച് പഠിക്കുമ്പോൾ, പക്ഷെ അതിൽ അവസാനം പറഞ്ഞിരിക്കുന്ന പ്രത്യേകമായ ചരിത്ര വസ്തുതകൾ കാണാതിരിപ്പാൻ കഴിയുന്നതല്ല. ഉദാഹണത്തിന്, അദ്ധ്യായം 17 ലെ വേശ്യയെ "ഭൂരാജാക്കന്മാരെ വാഴുന്ന, മഹാ നഗരമായി" പറഞ്ഞിരിക്കുന്നു (വാ. 18), അത് ഏഴ് മലകളിന്മേലുമാണ് സ്ഥിതി ചെയ്യുന്നത് (വാ. 9). അത് വ്യക്തമായും റോമിനെ കുറിച്ചാണ് പറയുന്നത്, അത് പണിതത് ഏഴ് മലകളിന്മേലായിരുന്നു. അതുകൊണ്ട് ആലങ്കാരിക സമീപനത്തിന് അല്പം പരിഷ്കാരം ഉചിതമാണെന്ന് തോന്നുന്നു.

ഫ്രാങ്ക് പാക്കും അതേ തീർപ്പിൽ തന്നെയാണ് എത്തിയിരിക്കുന്നത്. 1956–ൽ വെളിപ്പാടിനെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ക്ലാസിൽ ആയിരുന്നപ്പോൾ ഞങ്ങൾ ശ്രദ്ധിച്ചത് ആലങ്കാരികസമീപനമായിരുന്നു. ഒമ്പത് വർഷങ്ങൾക്ക് ശേഷം ഞങ്ങൾ വെളിപ്പാടിനെ കുറിച്ച് ഒരു കമെന്ററി തയ്യാറാക്കിയപ്പോൾ, "പുസ്തകം തതീർക്കുവാൻ അതിന്റേതായ സമയം എടുത്തിരുന്നു." പ്രെട്ടറിസ്റ്റോടുകൂടെയാണ് അദ്ദേഹം പങ്കിട്ടത് എന്നും പറഞ്ഞു, "ഒന്നാം നൂറ്റാണ്ടിലെ പശ്ചാത്തലത്തിനെതിരായ ആവശ്യകത."[33]

## തിരഞ്ഞെടുത്ത - ബുദ്ധിയുള്ള" സമീപനം

അഞ്ചാമത്തെ സമീപനം ഞാൻ കൂട്ടിച്ചേർത്തിട്ടില്ല. മറിച്ച്, എനിക്ക് അവസാനമായി നിർദ്ദേശിക്കുവാനുള്ളത്, ഓരോ സമീപനത്തിലും ശക്തികളും ബലഹീനതകളും ഉള്ളതുകൊണ്ട്, പല സമീപനങ്ങളിലേയും നല്ല വശങ്ങൾ തിരഞ്ഞെടുക്കുന്നതാണ് നല്ലത്. ഇപ്പോഴത്തെ പല വ്യാഖ്യാതാക്കളും, ഉദാഹരണത്തിന്, ലിയോൺ മോറിസ്,[34] ഈ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.[35] ഈ നടപടിയുടെ നല്ല ഒരു ചിത്രീകരണം എനിക്ക് ഇഷ്ടപ്പെട്ട, റേ സമ്മേഴ്സിന്റെ *വർതി ഈസ് ദ ലാമ്പ്* എന്ന കമെന്ററിയിൽ കാണാം. സമ്മേഴ്സ് ഒരു ഭൂതകാലാധിഷ്ഠിത സമീപനക്കാരനാണ്; എന്നാൽ ഇന്നത്തെ പ്രായോഗികതയുടെ ആവശ്യം അദ്ദേഹം കാണുന്നുണ്ട്, അതുകൊണ്ട് അയാൾ ആലങ്കാരിക സമീപനത്തിന് ഇന്ന് – വേണ്ട ഫലം കിട്ടുന്നതിനുള്ള മൂലകങ്ങൾ ചേർത്തിട്ടുണ്ട്. അദ്ദേഹം ചേർത്ത സമീപനത്തെ "ചരിത്രപശ്ചാത്തല രീതി," എന്നാണ് വിളിച്ചത്.[36] അതിനെ "പ്രിട്ടെറിസ്റ്റ്/ആലങ്കാരിക കാഴ്ചപ്പാട്" എന്നും വിളിക്കാം (മറ്റൊരു വാക്കിൽ പറഞ്ഞാൽ, ആലങ്കാരികത്തേക്കാൾ ഭൂതകാലാധിഷ്ഠിത സമീപനത്തിന് ഊന്നൽ കൊടുക്കുന്നതാണ്).

നമ്മുടെ പഠനങ്ങളിൽ നാം ഏത് സമീപനമാണ് എടുക്കുന്നത്? ആളുകൾ എവിടെ താമസിക്കുന്നവരായാലും, അവരുടെ പശ്ചാത്തലം എന്തായിരുന്നാലും, ആലങ്കാരിക സമീപനത്തിനാണ് ആളുകൾക്ക് കൂടുതൽ നൽകുവാൻ കഴിയുന്നത്. എന്നിരുന്നാലും, ചരിത്രപശ്ചാത്തലത്തെ കുറിച്ചുള്ള അറിവ് പുസ്തകം മനസിലാക്കുവാൻ കുറെയൊക്കെ നമ്മെ സഹായിക്കും. അതുകൊണ്ട്, ഈ സംയോജിപ്പാണ് എനിക്ക് നിർദ്ദേശിക്കുവാൻ കഴിയുന്നത്:

“ആലങ്കാരിക/ഭൂതകാലാധിഷ്ഠിത സമീപനം” (മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഭൂതകാലാധിഷ്ഠിത സമീപനത്തേക്കാൾ കൂടുതൽ ഊന്നൽ ആലങ്കാരികതക്ക് നൽകുക).

വെളിപ്പാട് പുസ്തകത്തെ നിങ്ങൾ തുടർച്ചയായി പഠിച്ചുകൊണ്ട്, ഒരുപക്ഷെ പുസ്തകത്തെ കൈകാര്യം ചെയ്യുവാൻ നിങ്ങളുടേതായ രീതി നിങ്ങൾ വളർത്തിയെടുത്തേക്കാം. നിങ്ങൾ അങ്ങനെ ചെയ്യുമ്പോൾ, നിങ്ങൾ കൂടുതൽ ആലങ്കാരികതയിലും, ഭൂതകാലാധിഷ്ഠിത സമീപനത്തിലും ആശ്രയിക്കയും, ഭാവിയിലധിഷ്ഠിതമായത് ഒഴിവാക്കുകയും ചെയ്യുമ്പാൾ, തുടർച്ചയായ ചരിത്ര സമീപനം സമയം - നിശ്ചയിക്കുന്ന അപകടം നിങ്ങൾക്ക് തിരിച്ചറിയുവാൻ കഴിയും.

‘‘തിരഞ്ഞെടുത്ത - ബുദ്ധിയുള്ള സമീപനത്തിന്റെ’’ തലവാചകം മാറ്റി കൊടുക്കണമെന്നുണ്ടെങ്കിൽ, ‘‘എക്ലെറ്റിക്’’ എന്നോ അല്ലെങ്കിൽ സിൻക്രെറ്റിസ്റ്റ് എന്നോ കൊടുക്കാം, എന്നാൽ ‘‘ദൈവവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനുള്ള” 2 തിമൊഥെയൊസ് 2:15 ലെ വെല്ലുവിളി അനുസരിക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കുന്നതിനാലാണ് ഞാൻ ഇത് ഇഷ്ടപ്പെടുന്നത്.

## ഉപസംഹാരം

നിങ്ങൾ വെളിപ്പാട് പുസ്തകം ഒരു സ്നേഹിതനുമായി ചർച്ച ചെയ്യുവാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ, മുഴുവനും ആശയവിനിമയം നടത്തുവാൻ കഴിയാതെ നിരുൽസാഹപ്പെട്ടിരിക്കാം. ഓരോരുത്തരും പുസ്തകത്തെ വ്യത്യസ്ത സമീപനത്തിൽ വ്യാഖ്യാനിക്കുമ്പോൾ സംഭവിക്കുന്നത് അതാണ്. ഒരാൾ ഒരു ഇംഗ്ലീഷ് ഡിക്ഷ്ണറിയും മറ്റൊരാൾ ഒരു ജെർമൻ ഡിക്ഷ്ണറിയും എടുത്തുകൊണ്ട് രണ്ടു പേരും “കാറ്റ്” എന്ന വാക്കിന്റെ ഉച്ചാരണത്തെ വാദിക്കുന്നതുപോലെയുള്ള സാഹചര്യമുണ്ടാകും. രണ്ട് പേർ വെളിപ്പാട് പുസ്തകം പ്രയോജനകരമായി ചർച്ച ചെയ്യുന്നതിനു മുൻപ് എടുക്കേണ്ട സമീപനത്തെ കുറിച്ച് ഒരു ധാരണയി*ലെത്തണം*. പാഠം നിങ്ങളെ അതിര് കവിഞ്ഞ് സന്തോഷിപ്പിച്ചേക്കാം. (ഞാൻ ഇത് ബുധനാഴ്ച്ച വൈകുന്നേരമുള്ള എന്റെ ബൈബിൾ ക്ലാസിൽ അവതരിപ്പിച്ചപ്പോൾ, ഒരു പുതിയ ക്രിസ്ത്യാനി എന്നോട് പറഞ്ഞു, “ഡേവിഡേ, നിങ്ങൾക്ക് ഞാൻ നഷ്ടമായി!”) നാം പ്രാഥമികമായി *എന്തുകൊണ്ടാണ്* ആലങ്കാരിക സമീപനം എടുത്തിരിക്കുന്നതെന്ന് മനസിലാക്കുവാൻ വെളിപ്പാട് പുസ്തകം വീണ്ടും വീണ്ടും വായിക്കുക.

നാം പഠിച്ച സമീപനങ്ങളെ എല്ലാം അവസമാനമായി ഒന്നുകൂടെ നിരീക്ഷിക്കുന്നത് നന്നായിരിക്കും. അത്ഭുതമെന്ന് പറയട്ടെ, നാലു സമീപനങ്ങളെയും കുറിച്ചുള്ള അടിസ്ഥാനപരമായ തീർപ്പ് ഒന്നു തന്നെ: “എങ്ങനെയും പറയുകയും ചെയ്യുകയും ചെയ്തിരിക്കുന്നത് വ്യക്തമാക്കുന്നത്, നാം ദൈവത്തോട് *വിശ്വസ്തരായി നിലനിന്നാൽ,* നാം വിജയിക്കുക തന്നെ ചെയ്യും!” എന്നാണ്.

---

കുറിപ്പുകൾ

[1]അരിസ്റ്റോട്ടിൽ *പൊളിറ്റിക്സ്,* വാ. 4. [2]വെളിപ്പാട് പുസ്തകം ദൈവശ്വാസിയമാണെന്ന് വിശ്വസിക്കാത്തവർക്ക് പുസ്തകത്തെ കുറിച്ച് അവരുടേതായ

വ്യാഖ്യാനമുണ്ട്: മിക്കപേരും കരുതുന്നത് അത് ഒന്നാം നൂറ്റാണ്ടിലെ കുഴപ്പങ്ങൾ വിവരിക്കുന്നതല്ലാതെ അതിൽ മറ്റൊരു സൂചനയുമില്ല എന്നാണ്. ചിലർ കരുതുന്നത് വെളിപ്പാട് പിന്നീടുള്ള ഒരു നൂറ്റാണ്ടിൽ അജ്ഞാതനായ ഒരു എഴുത്തുകാരനാൽ എഴുതപ്പെട്ടു എന്നാണ്. *ട്രൂത്ത് ഫോർ ടുഡേ*യുടെ വായനക്കാരെല്ലാം വാമൊഴിയായ ദൈവശ്വാസിയതയിൽ വിശ്വസിക്കുന്നതുകൊണ്ട്, നാം വിശ്വാസികൾ ഉപയോഗിച്ച നാലു സമീപനങ്ങൾ മാത്രമാണ് പരിഗണിക്കുന്നത്. [3]ഫലത്തിൽ, ഭാവിയിലധിഷ്ഠിത സമീപനക്കാർ, വെളിപ്പാട് പുസ്തകത്തിൽ പറയുന്ന കാര്യങ്ങൾ, *ഇപ്പോൾ പോലും* അത് ഭാവിയിൽ *നടക്കേണ്ട*താണെന്നാണ് പഠിപ്പിക്കുന്നത്. [4]ഈ ജീവിതത്തിൽ ക്രിസ്തു "വന്ന്" താൽക്കാലികമായി ആളുകളെയും ദേശങ്ങളേയും ന്യായവിധി നടത്തുന്നതിനെ അവന്റെ "രണ്ടാം വരവായി" ആളുകൾ തെറ്റിദ്ധരിച്ചിട്ടുണ്ട്. "അത് കർത്താവിന്റെ അവസാന വരവായി" കാണുവാനാണ് അവർക്ക് താൽപര്യം. എങ്ങനെ യായാലും, പ്രവൃത്തികൾ 1:11–ൽ പറഞ്ഞത് കർത്താവിന്റെ "രണ്ടാം വരവാണെന്ന്" സർവ്വദേശിയമായി അംഗീകരിച്ചിരിക്കുന്നതാണ്. അതുകൊണ്ട്, നീതിമാന്മാർക്ക് പ്ര തിഫലവും ദുഷ്ടന്മാർക്ക് ശിക്ഷയും കൊടുക്കുന്നത് ക്രിസ്തുവിന്റെ അവസാന വരവിങ്കലായിട്ടാണ് ഈ പാഠത്തിൽ ഉടനീളം ഞാൻ പറഞ്ഞിട്ടുള്ളത്. [5]ഞാൻ ഓരോ സമീപനത്തെയും ചർച്ച ചെയ്യുമ്പോൾ, വേറെ വേറെ തലവാചകം ഉപയോഗിക്കും. വായിക്കുന്നവർ ആ വാക്കുകളിലെത്തുമ്പോൾ, അവരെ സഹായിക്കുന്നതിനാണ്. "അവസാന കാര്യങ്ങളെ കുറിച്ചുള്ള" പഠനമാണ് "എസ്കാറ്റോളജി." ഭാവിയിലധിഷ്ഠിത സമീപനത്തെ ചിലപ്പോൾ "എസ്ക്കാറ്റോളജിക്കൽ" കാഴ്ച്ചപ്പാട് എന്നു പറയാറുണ്ട്, കാരണം അവർ പറയുന്നത് വെളിപ്പാട് പുസ്തകത്തിലെ മിക്ക സംഭവങ്ങളും ഈ കാലത്തിന്റെ അവസാനം സംഭവിക്കുവാനുള്ളതാണ് എന്നത്രെ. [6]വിവിധ രീതികളിലുള്ള പ്രീമില്ലെനിയത്തെയാണ് "ഡിസ്പെൻസേഷണലിസം" എന്നു വിളിക്കുന്നത്. ഇന്നത്തെ പ്രീമില്ലെനിയക്കാരിലധികവും ഡിസ്പെൻസേഷണലിസ്റ്റുകളാണ്. [7]ചില പ്രീമില്ലെനി യക്കാർ വിശ്വസിക്കുന്നത് അവസാന ന്യായവിധി ദുഷ്ടന്മാർക്ക് മാത്രമെന്നാണ്. [8]ചില പ്രീമില്ലെനിയക്കാർ പഠിപ്പിക്കുന്നത് ഏഴ് സഭകൾ പ്രതിനിധാനം ചെയ്യുന്നത് സഭയുടെ ഏഴ് യുഗങ്ങളെയാണ് എന്നാണ്. വെളിപ്പാട് പുസ്തകം എഴുതിയപ്പോൾ വാസ്തവത്തിലുണ്ടായിരുന്ന സഭകളാണ് ആ ഏഴ് സഭകൾ എന്നാണ് മറ്റുള്ള പ്രീമില്ലെനിയക്കാർ പഠിപ്പിക്കുന്നത് – അവ അന്നും ഇന്നുമുള്ള സഭകളുടെ പ്ര ത്യേകതയെ സൂചിപ്പിക്കുന്നു എന്നും അവർ കരുതുന്നു. [9]"റാപ്ച്ചർ" എന്ന വാക്ക് ലാറ്റിനിൽ നിന്ന് വന്നതും അർത്ഥം "കാട്ട് അപ്" എന്നുമാണ്. ആ വാക്കിന്റെ നാ മവും ക്രിയയും പ്രീമില്ലെനിയക്കാർ ഉപയോഗിച്ചിട്ടുണ്ട്: അവർ പറയുന്നത് യേശു തന്റെ ജനത്തെ "റാപ്ച്ചർ" ചെയ്യുകയും (കാട്ട് അപ്) അവർ റാപ്ച്ചറിൽ അവനോ ടുകൂടെ ആയിരിക്കയും ചെയ്യും എന്നാണ്. [10]സി ഐ. സ്ക്കോഫീൽഡ്, *ദ ഹോളി ബൈബിൽ സ്ക്കോഫീൽ എഡിഷൻ* (ന്യുയോർക്ക്: ഓക്സ്ഫോർഡ്, 1917, ന്യൂ എഡീഷൻ, 1967). ഞാൻ ഓരോ സമീപനത്തെയും ചർച്ച ചെയ്യുമ്പോൾ, അതിന്റെ ഉറവിടങ്ങളെയും എടുത്തുകാണിക്കും. അത് മറ്റു എഴുത്തുകൾ ലഭ്യമാകുന്നതുവരെ സഹായിക്കുന്നതിനാണ് – ഉപയോഗിച്ച സമീപനം തിരിച്ചറിയുവാൻ.

[11]ഹാൾ ലിൻഡ്സി, *ദ ലെയിറ്റ് ഗ്രെയിറ്റ് പ്ലാനെറ്റ് എർത്ത്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1970). [12]ബ്രൂസ് എം. മെറ്റ്സ്ജർ, *ബ്രേക്കിങ്ങ് ദ കോഡ്: അണ്ടണ്ടർസ്റ്റാൻഡിങ്ങ് ദ ബുക്ക് ഓഫ് റെവെലേഷൻ* (നാഷ്വിലേ, അബിങ്ങ്ടൺ പ്രസ്, 1993), 11. [13]റേ സമ്മേഴ്സ് *വർതി ഈസ് ദ ലാമ്പ്* (നാഷ്വിലേ ബ്രോഡ്മാൻ പ്രസ്, 1951), 32. [14]യേശു ക്രൂശിൽ മരിച്ചിരിക്കുവാനിടയില്ല എന്നും അതിലന്തർലീനമാക്കുന്നു. പക്ഷെ യേശുവിന്റെ മരണവും രക്തം ചിന്തലും

കൂടാതെ നമുക്ക് രക്ഷയില്ല. [15]പ്രീമില്ലെനിയത്തെ കുറിച്ച് കൂടുതൽ വിവരങ്ങൾ ഈ പരമ്പരയിൽ പിന്നീട് കൊടുക്കുന്നുണ്ട്. [16]ജെ ഡബ്ലിയു. റോബെർട്സ്, *ദ റെവെലേഷൻ ടു ജോൺ* (*ദ അപോകാലിപ്സ്*), ദ *ലിവിങ്ങ് വേർഡ് കമെന്ററി സീരീസ്* (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1974), 19. [17]ചരിത്ര - കാഴ്ച്ചപ്പാടിന്റെ തത്വ - ജ്ഞാനം അല്ലെങ്കിൽ ആനുകാലിക ചരിത്ര - കാഴ്ച്ചപ്പാടുമായി ഈ സമീപനത്തെ തെറ്റിദ്ധരിക്കരുത്. അവ ഈ പുസ്തകത്തിൽ പിന്നീട് പരാമർശിക്കുന്ന സമീപനങ്ങളുടെ പേരുകളാണ്. [18]ആൽബെർട്ട് ബാർണെസ്, നോട്സ്, *എക്സ്പ്ലെനേറ്ററി ആന്റ് പ്രാക്ടിക്കൽ, ഓൺ ദ ബുക്ക് ഓഫ് റെവെലേഷൻ* (ലണ്ടൻ നൈറ്റ് & സൺ, 1852); ആഡം ക്ലാർക്ക്, *ദ ന്യൂടെസ്റ്റമെന്റ്* വാല്യം. 2, *റോമൻസ് ടു ദ റെവേലേഷൻസ്* (നാഷ്വിലേ: അബിങ്ങ്ടൺ പ്രസ്, എൻ.ഡി). [19]ജോൺ ടി. ഹിൻഡ്സ്, *എ കമെന്ററി ഓൺ ദ ബുക്ക് ഓഫ് റെവെലേഷൻ*, ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (നാഷ്വിലേ.: എൻ.പി., 1937; റീപ്രിന്റ്, നാഷ്വിലേ: ഗോസ്പെൽ അഡ്വോക്കേറ്റ് കമ്പനി., 1973). [20]ഈ സമീപനം അധികവും പ്രൊട്ടസ്റ്റന്റുകാരാണ് ഉപയോഗിക്കുന്നതെങ്കിലും, ചില കത്തോലിക്കാ വ്യാഖ്യാതാക്കൾ ഇതിനെ എടുത്ത് വെളിപ്പാടിലെ "മൃഗം" പ്രൊട്ടസ്റ്റന്റു നവോത്ഥാനമാണെന്ന് "സ്ഥാപിക്കുവാൻ" ഉപയോഗിച്ചിട്ടുണ്ട്!

[21]വിരലിൽ എണ്ണാവുന്ന വേദഭാഗങ്ങളിൽ മാത്രമാണ് "ഒരു ദിവസം = ഒരു വർഷം" എന്ന ആശയം കാണുന്നുള്ളു, മിക്ക പ്രവചന സാഹിത്യത്തിലും അതു കാണുന്നില്ല (ഉദാഹരണത്തിന്, യെശയ്യാവ് 7:8; യിരെമ്യാവ് 29:10; ദാനിയേൽ 9:24; മത്തായി 20:19). ആ ആശയം ഈ പുസ്തകത്തിൽ ഉപയോഗിക്കണമെന്ന് വെളിപ്പാടിൽ ഒരു സൂചനയുമില്ല. ("ഒരു ദിവസം = ഒരു വർഷം എന്നത് എടുത്താൽ ക്രിസ്തു 360,000 വർഷം വാഴും!) കൂടാതെ, അത്തരം ആശയം വെളിപ്പാട് പുസ്തകത്തിൽ ഉപയോഗിക്കണമെന്ന് അപോകാലിപ്റ്റിക് സാഹിത്യത്തിലും പറയുന്നില്ല. പൊതുവിൽ സംഖ്യകളുടെ ഉപയോഗത്തെ കുറിച്ച് ഈ പുസ്തകത്തിലെ അടുത്ത പാഠത്തിൽ വിവരിക്കുന്നതാണ്. [22]അദ്ധ്യായം 12 നെകുറിച്ചുള്ള ചർച്ച ഈ പുസ്തകത്തിൽ പിന്നീടുള്ളത് നോക്കുക [23]സമ്മേഴ്സ്, 38. [24]മറ്റു സമീപനങ്ങളിലൊന്നും ലാറ്റിൻ ഉപയോഗിക്കാതെ ഇവിടെ മാത്രം പണ്ഡിതന്മാർ എന്തുകൊണ്ട് ലാറ്റിൻ ഉപയോഗിച്ചു എന്ന് എനിക്ക് പറയുവാൻ കഴിയുകയില്ല. അത് പാണ്ഡിത്യത്തിന്റെ പ്രത്യേകതയാണ്. [25]ഫോയ് ഈ. വാലസ്, ജൂനിയർ., ദ ബുക്ക് ഓഫ് റെവെലേഷൻ (ഫോർട്ട്വർത്ത്, ടെക്സ്.: ഫോയ് ഈ. വാലസ്, ജൂനിയർ., പബ്ലിക്കേഷൻസ്, 1966). [26]ഏ.ഡി. 70-ൽ യെരുശലേം നശിപ്പിച്ചപ്പോൾ, യേശുവിന്റെ രണ്ടാം വരവ് സംഭവിച്ചു കഴിഞ്ഞു എന്നതാണ് "ഏ.ഡി. 70 സിദ്ധാന്തത്തിന്റെ" കാതൽ. ഈ ദുരുപദേശത്തെ കുറിച്ചുള്ള ചർച്ച കാണുവാൻ നോക്കുക, ഡബ്ലിയു. ജെറി വാർണർ, സ്റ്റഡീസ് ഇൻ ബിബ്ലിക്കൽ എസ്ക്കാറ്റോളജി, വാല്യം.1 (മാരിയെറ്റാ, ഓഹിയോ: ദേർഫോർ സ്റ്റാൻഡ് പബ്ലിക്കേഷൻസ്, 1981). [27]റോബെർട്സ്, 16. [28]ഹരോൾഡ് ഹാസെലിപ്, ദ ലോർഡ് റെയിൻസ്: ഏ സർവേ ഓഫ് ദ ബുക്ക് ഓഫ് റെവേലേഷൻ (അബിലീൻ, ടെക്സ്.: ഹെറാൾഡ് ഓഫ് ട്രൂത്ത്, എൻ.ഡി.), iv. [29]ഭൂതകാലാധിഷ്ഠിത സമീപനക്കാരെന്നു പറയുന്ന മിക്കപേരും വെളിപ്പാട് പുസ്തകത്തെ സംബന്ധിച്ച അവരുടെ സമീപനത്തെ ഏതാണ്ടൊക്കെ പരിഷ്ക്കരിച്ചിട്ടുണ്ട്. ഉദാഹരണത്തിനു അവസാനത്തെ ഏതാനും അദ്ധ്യായങ്ങൾ വിവരിക്കുന്നത് ന്യായവിധിയെ കുറിച്ചും നിത്യതയെ കുറിച്ചുമാണെന്ന് അവർ മിക്കപേരും വിശ്വസിക്കുന്നു. അത്രത്തോളം അവർ ഭൂതകാലാധിഷ്ഠിതരെ പോലെ "കർശനക്കാരല്ല." [30]വില്യം ഹെൻഡ്രിക്സൺ, മോർ ദാൻ കോൺകറേഴ്സ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954).


[31]ഹെൻഡ്രിക്സൺ ആലങ്കാരികപാഠശാലയുടെ വക്താവാണെന്നതിന്റെ തെളിവിന്

ഈ പുസ്തകത്തിൽ വരുന്ന പ്രൊപ്പോസിഷൻ 6 നോക്കുക. [32] ഹെൻഡ്രിക്സന്റെ പുസ്തകത്തിന്റെ അദ്ധ്യായം 6 തുടങ്ങുന്നത് "ദ അപോകാലിപ്സ് റൂട്ടഡ് ഇൻ കണ്ടംപെറേനിയസ് സെർക്കംസ്റ്റാൻസ്" എന്നാണ്. [33]ഫ്രാങ്ക് പാക്ക്, *റെവെലേഷൻ* പാർട്ട് 1, ദ ലിവിങ്ങ് വേർഡ് സീരീസ് (ആസ്റ്റിൻ, ടെക്സ്.: ആർ. ബി.സ്വീറ്റ് കമ്പനി., 1965), 16. [34]ലിയോൺ മോറീസ്, *റെവലേഷൻ*, റെവ. എഡി., *ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റെ കമെന്ററീസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987). [35]മുമ്പ് പറഞ്ഞതുപോലെ, പല സമീപനങ്ങളുടേയും ഘടനകൾ യോജിപ്പിച്ചത് ഹെൻഡ്രിക്സൺ, പാക്ക്, റോബെർട്ട്സ് എന്നിവരാണ്. [36]സമ്മേഴ്സ്, 45. ഈ സമീപനത്തിന് ഉപയോഗിച്ച മറ്റൊരു പേര് "ചരിത്രപരവും പ്രവചനപരവും" എന്നാണ്.

---

**പുനരവലോകനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ**

1. വെളിപ്പാട് പുസ്തകം വ്യാഖ്യാനിക്കുവാൻ ഈ പുസ്തകത്തിന്റെ ആദ്യം കൊടുത്തിട്ടുള്ള രണ്ടു താക്കോലുകൾ ഏവ?
2. ഈ പാഠമനുസരിച്ച് വെളിപ്പാട് പുസ്തകത്തെ സംബന്ധിച്ച് എത്ര സമീപനങ്ങളുണ്ട്?
3. നാം പഠിച്ച ആദ്യ സമീപനം ഏത്? അത് നിർവ്വചിക്കുക.
4. നിരവധി വർഷങ്ങളായി ഈ സമീപനത്തിന്റെ ഏത് വൈവിധ്യമാണ് നിലവിലുണ്ടായിരുന്നത്? ആ വാക്ക് നിർവ്വചിക്കുക.
5. ആദ്യ സമീപനത്തിന്റെ ചില "ശക്തികളും" ബലഹീനതകളും പറയുക.
6. നാം പഠിച്ച രണ്ടാമത്തെ സമീപനം ഏത്? നിർവ്വചിക്കുക.
7. രണ്ടാം സമീപനത്തിന്റെ ചില ശക്തികളും ബലഹീനതകളും നൽകുക.
8. നാം പഠിച്ച മൂന്നാമത്തെ സമീപനം ഏത്? നിർവ്വചിക്കുക.
9. മുന്നാമത്തെ സമീപനത്തിന്റെ ചില ശക്തികളും ബലഹീനതകളും നൽകുക.
10. നാം പഠിച്ച നാലാമത്തെ സമീപനം ഏത്? നിർവ്വചിക്കുക.
11. നാലാമത്തെ സമീപനത്തിന്റെ മറ്റു ചില പേരുകൾ പറയുക?
12. നാലാമത്തെ സമീപനത്തിന്റെ ചില ശക്തികളും ബലഹീനതകളും നൽകുക.
13. നാലാമത്തെ സമീപനം വിശദമായ കരുതലുള്ളതോ അതോ മൊത്ത ത്തിലുള്ള ചിത്രമാണോ നൽകുന്നത്?
14. ഈ പരമ്പരയിൽ ഏത് സംയോജിപ്പിച്ച സമീപനമാണ് ഉപയോഗിക്കുന്നത്?




**പല പ്രീമില്ലെനിയലിസ്റ്റ്കാർ വെളിപ്പാടിന്റെ രൂപരേഖ തയ്യാറാക്കിയത്**